വാല്യം: 12 ലക്കം: 3
സെപ്റ്റംബർ 2023

# അഭയം

## മലബാർ കാൻസർ സെന്റർ വാർത്താപത്രിക



**മലബാർ കാൻസർ സെന്റർ**
പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ഓങ്കോളജി സയൻസസ് & റിസർച്ച്
തലശ്ശേരി, കണ്ണൂർ

കേരള
ഗവൺമെന്റിന്റെ
കീഴിലുള്ള സ്വയംഭരണ
സ്ഥാപനം

ഒരുപാട് സന്തോഷവും അഭിമാനവും എം.സി.സിക്ക് നൽകിക്കൊണ്ടാണ് 2023 ജൂലൈ മുതൽ സെപ്തംബർ വരെയുള്ള കാലയളവ് കടന്ന്പോയത്. ഇതിൽ ഏറ്റവും അഭിമാനവും സന്തോഷവും നൽകിയത് 200 മജ്ജ മാറ്റിവെക്കൽ ചികിത്സ പൂർത്തിയാക്കി എം.സി.സി കേരളത്തിലെ പൊതു ആരോഗ്യ രംഗത്ത് പുതു ചരിത്രം കുറിച്ചപ്പോഴാണ്. കേരളത്തിലെ പൊതു ആരോഗ്യ മേഖലയിൽ കുറഞ്ഞ ചെലവിൽ മജ്ജ മാറ്റിവെക്കൽ ചികിത്സ ലഭ്യമാക്കുക എന്ന ദൗത്യം ഒരു പതിറ്റാണ്ട് മുൻപ് എം.സി.സി ഏറ്റെടുത്തപ്പോൾ അത് മാറ്റത്തിന്റെ പുതിയ കാൽവെയ്പ്പ് ആയിരുന്നു. ഏറെ വെല്ലുവിളികൾ നിറഞ്ഞ ആ ദൗത്യം ശക്തമായി മുന്നോട്ട് പോകുമ്പോൾ ആ വിജയത്തിന്റെ പതാക വാഹകരായ ക്ലിനിക്കൽ ഹെമറ്റോളജി ആന്റ് മെഡിക്കൽ ഓങ്കോളജി ഡിപ്പാർട്ട്മെന്റിനും ഡിപ്പാർട്ട്മെന്റ് മേധാവി ഡോ.ചന്ദ്രൻ.കെ.നായർക്കും സ്ഥാപനത്തിന്റെ അനുമോദനങ്ങൾ ഈ അവസരത്തിൽ നേരുകയാണ്. ഇന്ത്യയിൽ ചുരുക്കം ചില സ്ഥാപനങ്ങളിൽ മാത്രമാണ് കുട്ടികളിൽ മജ്ജ മാറ്റിവെക്കൽ ചികിത്സ ചെയ്യുന്നത്. അത്തരത്തിൽ ഒരു സെന്റർ കൂടിയാണ് എം.സി.സി എന്നത് ചുരുങ്ങിയ കാലയളവിനുള്ളിൽ എം.സി.സി കൈവരിച്ച ചികിത്സാ മികവിന് സാക്ഷ്യം നൽകുന്നു.



രക്തജന്യ രോഗങ്ങളുടേയും അനുബന്ധ രോഗങ്ങളുടേയും ചികിത്സയിൽ എം.സി.സി ഏറെ പുരോഗതി കൈവരിച്ചു എങ്കിലും ഈ ചികിത്സ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ചില ഘട്ടങ്ങളിൽ ചില സാങ്കേതിക ബുദ്ധിമുട്ടുകൾ എം.സി.സി അഭിമുഖീകരിക്കാറുണ്ട്. അതിൽ ഏറ്റവും പ്രധാനം അനുയോജ്യനായ മൂലകോശ ദാതാവിനെ കണ്ടെത്തുക എന്നതാണ്. മൂലകോശദാനത്തിന് സന്നദ്ധത അറിയിച്ച ആളുകളുടെ പേര് വിവരങ്ങൾ അടങ്ങുന്ന ബോൺമാരോ ഡോണർ രജിസ്ട്രിയിൽ നിന്നാണ് അനുയോജ്യരായ ദാതാക്കളെ കണ്ടെത്തുക. ഈ രജിസ്ട്രിയിൽ കൂടുതൽ ആളുകൾ അംഗങ്ങളായാൽ മാത്രമേ സമയബന്ധിതമായി യോജിച്ച ദാതാവിനെ കണ്ടെത്തുവാൻ സാധിക്കൂ. അതിനാൽ ഓരോ രോഗിക്കും അനുയോജ്യമായ മൂലകോശങ്ങൾ ലഭ്യമാക്കുക എന്ന വലിയ വെല്ലുവിളി ഏറ്റെടുക്കാൻ പൊതു സമൂഹത്തിന്റെ അകമഴിഞ്ഞ പിന്തുണയും കരുതലും ആവശ്യമാണ്. രജിസ്ട്രിയിൽ അംഗമാവുക വഴി ഓരോ വ്യക്തിയും വലിയ സാമൂഹിക ഉത്തരവാദിത്തമാണ് നിർവ്വഹിക്കുന്നത്.

നിരവധി പരിപാടികളും ദിനാചരണങ്ങളും ഈ കാലയളവിൽ എം.സി.സിയിൽ നടന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഈ പരിപാടികളിലെല്ലാം എം.സി.സിയിലെ ജീവനക്കാരും വിദ്യാർത്ഥികളും രോഗികളും സജീവമായി പങ്കെടുക്കുകയുണ്ടായി. ഡോക്ടേർസ് ഡേ, അന്താരാഷ്ട്ര യോഗാ ദിനം, സ്വാതന്ത്ര്യ ദിനം, ലോക ആത്മഹത്യാ പ്രതിരോധ ദിനം തുടങ്ങിയ ദിനാചരണങ്ങൾ എം.സി.സിയിൽ സമുചിതമായി ആചരിച്ചു. എം.സി.സി നഴ്സിംഗ് കോളേജ്-ഇൻസർ ലെ വിദ്യാർത്ഥികൾ വിവിധ കലാ, കായിക മത്സരങ്ങൾ ഫീനിക്സ് -2023 എന്ന പേരിൽ സംഘടിപ്പിച്ചു. കുട്ടികളുടെ സർഗ്ഗ, കായിക ശേഷികൾ പ്രോത്സാഹിപ്പിക്കുന്നതായിരുന്നു പരിപാടികൾ.

രണ്ട് പ്രധാന സംഭവങ്ങൾ ഈ കാലയളവിൽ എം.സി.സിയിൽ നടക്കുകയുണ്ടായി. ജെ.ഡി.ടി. ഇസ്ലാം എം.സി.സിയുമായി ചേർന്ന് ഫിസിയോതെറാപ്പി രംഗത്ത് അക്കാദമിക, ഗവേഷണ തലങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ധാരണാപത്രം ഒപ്പുവച്ചു. മണപ്പുറം ഫൗണ്ടേഷനും ധർമ്മ ചാരിറ്റബിൾ ട്രസ്റ്റും ചേർന്ന് എം.സി.സിയിലെ രോഗികൾക്ക് ഇലക്ട്രിക് ബഗ്ഗി നൽകി. ഇത് രോഗികളുടെ ആശുപത്രി അനുഭവങ്ങൾ മെച്ചപ്പെടുവാൻ സഹായകരമാകും.

**ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ**
ഡയറക്ടർ, എം.സി.സി

# 200 മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയ പൂർത്തിയാക്കി

ഒരു നദിയെ പോലെ ശരീരത്തിൽ ഒഴുകി നടക്കുന്ന രക്തം നമ്മുടെ ശരീരത്തിന്റെ ദ്രാവക സംയോജക കലയാണ്. ജീവന്റെ ഏറ്റവും വിലപ്പെട്ട അമൂല്യ നിധിയാണ്.

ഇന്ത്യയിലെ സർക്കാർ അധീനതയിൽ ഉള്ള മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രീയ ചെയ്യുന്ന അപൂർവ്വ ആശുപത്രികളിൽ ഒന്നാണ് മലബാർ കാൻസർ സെന്റർ. ആശുപത്രി ഇന്ന് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഗവേഷണ പരിശീലന കേന്ദ്രമായി മാറിയിരിക്കുകയാണ്. മലബാർ കാൻസർ സെന്ററിൽ മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയയിൽ മികച്ച നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചത്. ആദ്യമായി ഈ ചികിത്സാ സംരംഭം ആരംഭിക്കുന്നത് 2013 ജൂലൈ 16ന് ആണ്. മറ്റേതൊരു ആശുപത്രിയിൽ മജ്ജ മാറ്റിവയ്ക്കൽ ചികിത്സ നടത്തുന്നതിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് എംസിസി യിൽ നടത്തുന്നത്. എം.സി.സിയിലെ ഡയറക്ടർ ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ, ഹെമറ്റോളജി വകുപ്പ് മേധാവി ഡോ. ചന്ദ്രൻ കെ നായർ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേകം പരിശീലനം നേടിയ ഡോക്ടർമാരും, സ്റ്റാഫുകളും അടങ്ങിയ ഒരു ടീമാണ് ഈ യൂണിറ്റിൽ പ്രവർത്തിച്ചുവരുന്നത്. രോഗിയുടെ സ്വന്തം ശരീരത്തിൽ നിന്നും മജ്ജ ശേഖരിച്ചു കീമോ മരുന്ന് ശരീരത്തിൽ കയറ്റിയതിനു ശേഷം എടുത്തു വച്ച മജ്ജ തിരികെ രോഗിയുടെ ശരീരത്തിലേക്ക് നല്കുന്നതിനെയാണ് ഓട്ടോലോഗസ് സ്റ്റംസെൽ ട്രാൻസ്‌പ്ലാന്റേഷൻ എന്ന് പറയുന്നത്. ചില പ്രത്യേകതരം അസുഖങ്ങൾക്ക് ഇങ്ങനെ മാറ്റിവയ്ക്കുന്ന സ്റ്റെം സെല്ലുകൾ ബ്ലഡ് ബാങ്കുകളിൽ സൂക്ഷിച്ച് വെച്ച് ഫ്രീസ് ചെയ്ത് മാസങ്ങൾക്ക് ശേഷം ഹൈ ഡോസ് കീമോ തെറാപ്പിയോ, റേഡിയേഷൻ തെറാപ്പിയോ നൽകി കാൻസർ കോശങ്ങളെ നശിപ്പിച്ച ശേഷം ഫ്രീസ് ചെയ്ത് എടുത്ത് വച്ച ബോൺമാരോ രോഗിയുടെ ശരീരത്തിലേക്ക് തിരിച്ച് കയറ്റുന്നു. സാധാരണ രക്തം നൽകുന്നത് പോലെ തന്നെയാണ് ശരീരത്തിലേക്ക് കടത്തിവിടുന്നത്. നശിച്ചുപോയ സ്റ്റെം സെല്ലുകൾക്ക് പകരമായി ബോൺമാരോയിൽ കുറച്ച് ദിവസങ്ങൾക്ക് ശേഷം പുതിയ കോശങ്ങളായി വളരുന്നു. ചില പ്രത്യേക അസുഖങ്ങൾക്ക് കളക്റ്റ് ചെയ്ത സ്റ്റെം സെല്ലുകൾ CD-34 കൗണ്ട് ശരിയായ അളവിൽ ലഭിച്ചാൽ ആ ദിവസം തന്നെ ഹൈ ഡോസ് കീമോ തെറാപ്പി നൽകി 12 മണിക്കൂറിന് ശേഷം എടുത്ത് വച്ച സ്റ്റെം സെല്ലുകൾ തിരികെ രോഗിയുടെ ശരീരത്തിൽ നൽകുകയും ചെയ്യുന്നു. ഈ തരത്തിലുള്ള ട്രാൻസ്‌പ്ലാന്റേഷൻ ആണ് ഓട്ടോ ലോഗസ് ട്രാൻസ്‌പ്ലാന്റേഷൻ .

മറ്റൊരാളുടെ സ്റ്റെം സെല്ലുകൾ രോഗിയുടെ ശരീരത്തിലേക്ക് വെച്ചുപിടിപ്പിക്കുന്നതിനെയാണ് അല്ലൊജനിക് ട്രാൻസ്‌പ്ലാന്റേഷൻ എന്ന് പറയുന്നത്. അല്ലൊജനികിൽ സ്വന്തം സഹോദരങ്ങളുടേതോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യക്തിയുടേതൊ സ്റ്റെം സെല്ലുകളാണ് രോഗിക്ക് വേണ്ടി ഉപയോഗിക്കുന്നത്. രോഗിയുടേയും ദാദാവിന്റെയും HLA മാച്ചായിരിക്കണം. ഓട്ടോലോഗസ് ട്രാൻസ്‌പ്ലാന്റിലെ പോലെ തന്നെ ഇവിടെ ദാതാവിന് മരുന്ന് നൽകി രക്തത്തിലെ സ്റ്റെം സെല്ലുകളുടെ അളവുകൾ കൂട്ടണം. ഇങ്ങനെ ദാതാവിന്റെ ശരീരത്തിൽ നിന്നും ശേഖരിക്കുന്ന കോശങ്ങൾ രോഗിയുടെ ശരീരത്തിലേക്ക് നൽകി ബോൺമാരോ പുനരുജ്ജീവിപ്പിക്കുന്നതിനെയാണ് അല്ലൊജനിക് ട്രാൻസ്‌പ്ലാന്റേഷൻ എന്ന് പറയുന്നത്.

ഏതുതരം ട്രാൻസ്‌പ്ലാന്റേഷനാണ് ആവശ്യം എന്നതനുസരിച്ചാണ് രോഗിയിൽ നിന്നോ ദാതാവിൽ നിന്നോ വിത്തുകോശങ്ങൾ ശേഖരിക്കുന്നത്. വിത്ത് കോശങ്ങൾ വർദ്ധിക്കുന്നതിനുള്ള മരുന്ന് അഞ്ചു ദിവസം നൽകിയ ശേഷം പ്രത്യേകതരം മെഷീനിന്റെ സഹായത്തോടെ വിത്തുകോശങ്ങൾ ശേഖരിക്കുന്നത്. വിത്തുകോശങ്ങൾ നൽകുന്നതുകൊണ്ട് ദാതാവിന് പ്രത്യേക വിശ്രമത്തിന്റെ ആവശ്യമില്ല. ഇതുകൊണ്ട് ഇവർക്ക് ഭാവിയിൽ യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാവില്ല. മജ്ജ മാറ്റി വച്ച രോഗി ഓട്ടോലോഗസ് ട്രാൻസ്‌പ്ലാന്റേഷൻ ആശുപത്രിയിൽ ഏകദേശം നാല് ആഴ്ചയും അല്ലോ ജനിക് ആണെങ്കിൽ 4-6 ആഴ്ചയും ആശുപത്രിയിൽ അഡ്മിഷൻ വേണ്ടിവരും.

ബോൺ മാരോ ഡൊണേറ്റ് ചെയ്യുവാൻ താത്പര്യമുള്ളവർക്ക് പേര് രജിസ്റ്റർ ചെയ്യുവാനുള്ള സംവിധാനമാണ് ബോൺമാരോ ഡോണർ രജിസ്ട്രി. കുറച്ച്



കാലങ്ങൾക്ക് മുമ്പ് വിദേശങ്ങളിൽ മാത്രമായിരുന്ന രജിസ്ട്രി ഉണ്ടായിരുന്നത്. വിദേശങ്ങളിൽ നിന്നും രക്തകോശങ്ങൾ ഉപയോഗിച്ച് ചികിത്സ നടത്തിയ രോഗികൾക്ക് വളരെയേറെ ഭാരിച്ച ചിലവുകൾ വേണ്ടി വന്നിരുന്നു. ചുരുങ്ങിയ കാലയളവിൽ എം.സി.സിയിൽ ബോൺമാരോ രജിസ്ട്രി ആരംഭിക്കാൻ നമുക്ക് സാധിച്ചു. രക്തജന്യ രോഗങ്ങൾക്കും ചികിത്സ ചിലവ് ഗണ്യമായി കുറക്കാൻ രജിസ്ട്രിക്ക് കഴിയും. ഈ രജിസ്ട്രി വേൾഡ് ബോൺമാരോ ഡോണർ അസോസിയേഷനുമായി ബന്ധിപ്പിച്ചതാണ്. വളരെ ചിലവ് വരുന്ന ഈ ചികിത്സാ രീതിക്ക് അനുയോജ്യമായ മൂലകോശം കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. മജ്ജമാറ്റിവെക്കൽ ചികിത്സാ ചിലവ് ഗണ്യമായ രീതിയിൽ കുറയ്ക്കുക, യോജിച്ച മൂലകോശങ്ങളുടെ ലഭ്യത കൂട്ടുക എന്നതാണ് രജിസ്ട്രിയുടെ ലക്ഷ്യം. അനുയോജ്യമായ ദാതാക്കളെ കണ്ടെത്താൻ വിവിധ ബോധവൽക്കരണ പരിപാടികളും, രക്തദാതാക്കളുടെ കൂട്ടായ്മയുമായും എം.സി.സി കൈകോർത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയ എന്ന് പറയുമ്പോൾ ജനങ്ങൾക്കിടയിൽ ഉള്ള മിഥ്യാധാരണകൾ മാറ്റാൻ ഈ സംഘടനകൾക്ക് കഴിയുന്നുണ്ട്. ഇതുവരെയായി എം.സി.സി.യിൽ 140 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത ആളുകൾക്ക് പ്രി-കൗൺസിലിങ്ങുകൾ നൽകിയിട്ടുണ്ട്. സാധാരണ 18 വയസ്സിനും 45 വയസ്സിനും ഇടയിലുള്ള ആരോഗ്യമുള്ള ഏതൊരാൾക്കും രജിസ്ട്രിയിൽ അംഗത്വം എടുക്കാൻ സാധിക്കും. ഡി.കെ.എം.എസ്(ജർമ്മനി), ധാത്രി(ഇന്ത്യ) എന്നീ രണ്ട് സംഘടനകളുമായി യോജിച്ചാണ് ഇപ്പോൾ എം.സി.സി യുടെ പ്രവർത്തനങ്ങൾ നടക്കുന്നത്.




# എം.സി.സി യിൽ ഇലക്ട്രിക് ബഗ്ഗി

എം.സി.സിയിലെത്തുന്ന രോഗികൾക്കായി ധർമ്മ ചാരിറ്റബിൾ ട്രസ്റ്റും മണപ്പുറം ഫൗണ്ടേഷനും ചേർന്ന് നൽകിയ ഇലക്ട്രിക് ബഗ്ഗി 22/09/2023 രാവിലെ 11 മണിക്ക് ലയൺസ് ഡിസ്ട്രിക്റ്റ് 318 ഇ-ഗവർണർ ശ്രീ. ടി.കെ രജീഷ് ഫ്ളാഗ് ഓഫ് ചെയ്തു. എം.സി.സി പീഡിയാട്രിക് ബ്ലോക്കിൽ വച്ച് നടന്ന ചടങ്ങിൽ എം.സി.സി ഡയറക്ടർ ഡോ.സതീശൻ.ബി അദ്ധ്യക്ഷത വഹിച്ചു. ധർമ്മ ചാരിറ്റബിൾ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി കേണൽ പത്മനാഭൻ, മണപ്പുറം ഫൗണ്ടേഷൻ സി.എസ്.ആർ വിഭാഗം മേധാവി ശില്പ ട്രീസ സെബാസ്റ്റ്യൻ, ശ്രീ. രഗീഷ്, കെ.സി.സി പ്രസിഡണ്ട് പി.നാരായണൻ, എം.സി.സി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ അനിത തയ്യിൽ, ലയൺസ് ക്ലബ് അംഗങ്ങൾ, കെ.സി.സി ഭാരവാഹികൾ, രോഗികളുടെ കൂട്ടിരിപ്പുകാർ, സ്റ്റാഫ്, മുതലായവർ ചടങ്ങിൽ പങ്കെടുത്തു.

രോഗികളുടേയും കൂടെയെത്തുന്നവരുടേയും ആശുപത്രി അനുഭവങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ഈ പദ്ധതി ആരംഭിച്ചിരിക്കുന്നത്.

ഇവിടെയെത്തുന്ന രോഗികൾക്ക് ഏറെ ആശ്വാസകരവും ഹൃദ്യവുമായിരിക്കും ബഗ്ഗിയിലെ ഈ യാത്ര. ഗേറ്റ് മുതൽ വിവിധ ബ്ലോക്കുകളിലേക്ക് നടക്കാൻ പ്രയാസപ്പെടുന്നവർക്കായിരിക്കും ആദ്യ ഘട്ടത്തിൽ ഈ സൗകര്യം ഉപയോഗിക്കാൻ സാധിക്കുക എന്ന് സെന്റർ അധികൃതർ അറിയിച്ചു.








# ആന്റി റാഗിംങ്ങിനെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ്





ആന്റി റാഗിംങ്ങ് ബോധവൽക്കരണത്തിന്റെ ഭാഗമായി 23/08/2023 ൽ INSeR MCC യിൽ ഒരു ക്ലാസ്സ് നടത്തി. ശ്രീ.രാജേഷ്(സീനിയർ സിവിൽ പോലീസ് ഓഫീസർ ക്രൈം ബ്രാഞ്ച് കണ്ണൂർ സിറ്റി), ശ്രീ. രവീന്ദ്രൻ.പി.ബി എസ്.ഐ ന്യൂ മാഹി പോലീസ്) എന്നിവരും മറ്റ് രണ്ട് പോലീസ് ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. രാവിലെ 11 മണിക്ക് ശ്രീമതി. ആര്യ.വി (ലക്ചറർ INSeR MCC) യുടെ സ്വാഗത പ്രസംഗത്തോടെയാണ് ചടങ്ങ് ആരംഭിച്ചത്. ഡോ.രോഹിണി.ടി പ്രിൻസിപ്പൽ INSeR MCC മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് ശ്രീ. രാജേഷിന്റെ റാഗിംങ്ങ് വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ് ആരംഭിച്ചു. അടുത്തിടെ നടന്ന റാഗിംഗുമായി ബന്ധപ്പെട്ട വിവിധ ഉദാഹരണങ്ങളും സംഭവങ്ങളും അദ്ദേഹം ക്ലാസ്സിൽ ഉൾപ്പെടുത്തി. കൂടാതെ സൈബർ ക്രൈമുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ അദ്ദേഹം പങ്കുവെക്കുകയും അതേക്കുറിച്ച് പൊതുവായ അവബോധം നൽകുകയും ചെയ്തു. പരിപാടി പ്രയോജനപ്രദമായതിനാൽ റാഗിങ്ങ് വിരുദ്ധ നിയമങ്ങളെക്കുറിച്ചും റാഗിംങ്ങ് ഒഴിവാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. പരിപാടിയുടെ അവസാനം പ്രൊഫസർ.ഹിന ഹൈദർ (വൈസ് പ്രിൻസിപ്പൽ INSeR MCC) മുഖ്യാതിഥിയെ മൊമെന്റോ നൽകി ആദരിച്ചു. മിസ്. വിന്നി മരിയ (4th year Bsc നഴ്സിംങ്ങ് വിദ്യാർത്ഥിനി) നന്ദി പറഞ്ഞു. ഉച്ചക്ക് 12.30 ഓടെ പരിപാടി അവസാനിച്ചു.

പഠനാനന്തരം

# സ്വാതന്ത്ര്യദിനാഘോഷം



രാജ്യത്തിന്റെ 77 –ാ മത് സ്യാതന്ത്ര്യദിനത്തോടനുബന്ധിച്ച് INSeR MCC പ്രിൻസിപ്പൽ ഡോ. രോഹിണി. ടി ദേശീയ പതാക ഉയർത്തുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു. ഡയറക്ടർ ഡോ.സതീശൻ ബാലസുബ്രഹ്മണ്യന്റെ മഹനീയ സാനിദ്ധ്യം ആഘോഷത്തിന് മാറ്റ് കൂട്ടി. ഈ ചടങ്ങിൽ സ്വാതന്ത്ര്യ ദിനാഘോഷത്തിന് മുന്നോടിയായി നടന്ന ഡിബേറ്റ് മത്സരത്തിൽ ബെസ്റ്റ് ഡിബേറ്റർ ആയ മിസ്സ്. അതുല്യ ജോയ് (മൂന്നാം വർഷ ബി.എസ്സ്.സി നഴ്സിങ്ങ്)ക്ക് MCC ഡയറക്ടർ ഡോ.സതീശൻ ബാലസുബ്രഹ്മണ്യൻ സമ്മാനം നൽകി. വിദ്യാർത്ഥികൾ അവതരിപ്പിച്ച ദേശഭക്തി ഗാനവും നൃത്തവും ആഘോഷത്തിന് നിറം നൽകി. ദേശീയ ഗാനത്തോടുകൂടി ചടങ്ങ് സമാപിച്ചു.



# ഡോക്ടേഴ്സ് ഡേ









മലബാർ കാൻസർ സെന്റർ സ്റ്റാഫ് വെൽഫയർ കമ്മിറ്റിയുടേയും കണ്ണൂർ ഡിസ്ട്രക്ട് കാൻസർ കൺട്രോൾ കൺസോർഷ്യത്തിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ ജൂലൈ 1 ശനിയാഴ്ച ഡോക്ടേഴ്സ് ഡേ ആഘോഷിക്കുകയുണ്ടായി. ബഹുമാനപ്പെട്ട എം.സി.സി ഡയറക്ടർ ഡോക്ടർ. സതീശൻ ബാലസുബ്രഹ്മണ്യൻ അദ്ധ്യക്ഷതവഹിച്ച് സംസാരിച്ചു.

ചടങ്ങിൽ ഡോക്ടർ ദീപക് റോഷൻ സ്വാഗതം പറഞ്ഞു. വിശിഷ്ടാതിഥിയായി ശ്രീ. നിധിൻ വത്സൻ ഐ.പി.എസ് പങ്കെടുത്തു തന്റെ അനുഭവങ്ങൾ പങ്കുവെക്കുകയുണ്ടായി. ചടങ്ങിന്റെ ഭാഗമായി കെ.സി.സി.സി എല്ലാ വകുപ്പ് മേധാവികളെയും ഉപഹാരം നൽകി ആദരിച്ചു. എം.സി.സി യിലെ ഹെമറ്റോളജി വിഭാഗം മേധാവി ഡോ.ചന്ദ്രൻ.കെ.നായർ, ഇൻസർ പ്രിൻസിപ്പൽ ഡോ. രോഹിണി.ടി, എം.സി.സി നഴ്സിംഗ് സൂപ്രണ്ട് ശ്രീമതി. ശ്രീലത, കെ.സി.സി.സി പ്രസിഡണ്ട് ശ്രീ. നാരായണൻ പുതുക്കുടി എന്നിവർ ആശംസകൾ നേർന്നു. ശ്രീമതി. അനിത തയ്യിൽ, ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ എം.സി.സി ചടങ്ങിൽ നന്ദി പറഞ്ഞു.



# ഓങ്കോ ഫിസിയോതെറാപ്പി അക്കാദമിക് ഗവേഷണ സഹകരണത്തിനായി എം.സി.സിയും ജെ.ഡി.ടി ഇസ്ലാമും ധാരണ



ഓങ്കോ ഫിസിയോതെറാപ്പി അക്കാദമിക് ഗവേഷണ സഹകരണത്തിനായി എം.സി.സിയും ജെ.ഡി.ടി ഇസ്ലാമും ധാരണയായി. കാൻസർ രോഗികൾക്ക് ഗുണ മേന്മയുള്ള പുനരധിവാസം സാധ്യമാക്കുക, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, എന്നീ ലക്ഷ്യങ്ങളിൽ ഊന്നി ഈ മേഖലയിലെ സംയുക്ത പഠന ഗവേഷണ പ്രവർത്തനങ്ങൾക്കായി മലബാർ കാൻസർ (പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ച്) സെന്ററും ജെ.ഡി.ടി ഇസ്ലാം കോളേജ് ഓഫ് ഫിസിയോതെറാപ്പിയും തമ്മിൽ ധാരണയായി. 03/08/23 ന് എം.സി.സിയിൽ വച്ച് നടന്ന ചടങ്ങിൽ എം.സി.സിക്ക് വേണ്ടി ഡയറക്ടർ ഡോ.സതീശൻ ബാലസുബ്രഹ്മണ്യൻ, ജെ.ഡി.ടി ഇസ്ലാം കോളേജിനുവേണ്ടി സെക്രട്ടറി ഡോ. ഇദ്രീസ് എന്നിവർ ധാരണാപത്രത്തിൽ ഒപ്പുവച്ചു. കാൻസർ രോഗികളുടെ പുനരധിവാസത്തിന് ഫിസിയോതെറാപ്പിക്ക് മികച്ച പങ്ക് വഹിക്കാനാകും. എന്നാൽ രാജ്യത്ത് ഇത്തരത്തിൽ വിദഗ്ദ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഒന്നും തന്നെ നിലവിലില്ല. ഫെലോഷിപ്പ് ഇൻ ഓങ്കോ ഫിസിയൊ തെറാപ്പി എന്ന നൂതന പരിശീലന പരിപാടിയുടെ പ്രാധാന്യം അതുതന്നെയാണ്. ഓങ്കോളജി ഫിസിയോ തെറാപ്പിയിൽ പ്രാവീണ്യം വർദ്ധിപ്പിക്കുക എന്നതാണ് ഈ കോഴ്സിന്റെ ലക്ഷ്യം. കാൻസർ രോഗികളുടെ ചികിത്സയിലും അതിജീവനത്തിലും ഫിസിയോ തെറാപ്പിക്ക് നിർണ്ണായക പങ്കു വഹിക്കാൻ കഴിയും. ഇത് രോഗ ശമനവും പുനരധിവാസവും ത്വരിതപ്പെടുത്തുകയും കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യും. ഈ മേഖലയിൽ പഠന ഗവേഷണങ്ങൾ രാജ്യത്ത് അത്യന്താപേക്ഷിതമാണ്. ഈ ലക്ഷ്യത്തോടുകൂടിയാണ് ധാരണാപത്രം ഇരു സ്ഥാപനങ്ങളും ഒപ്പുവച്ചിരിക്കുന്നത്. ഈ പുതിയ കാൽവെയ്പ്പിലൂടെ ഈ രംഗത്ത് വിദഗ്ധ പരിശീലനം ലഭിച്ച പ്രൊഫഷണലുകളെ സൃഷ്ടിക്കാനാകും. ഈ മേഖലയിലെ മികച്ച തൊഴിൽ സാധ്യത ഉറപ്പാക്കാനും സാധിക്കും. ചടങ്ങിൽ ഡോ. സജീവൻ, ഡോ. പ്രമോദ് ശങ്കർ, ശ്രീ. എ.കെ. രാജേഷ്, ശ്രീ. കെ.കെ.ഹമീദ്, ശ്രീമതി. അനിത, ശ്രീമതി രൂപ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

പഠനാനന്തരം

## അന്താരാഷ്ട്ര യോഗാദിനം

ജൂലായ് 21 അന്താരാഷ്ട്ര യോഗാദിനമായി ആചരിക്കുന്നു. യോഗ വാഗ്ദാനം ചെയ്യുന്ന ക്ഷേമത്തിനായുള്ള സമഗ്രമായ സമീപനത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനുള്ള ഒരു വേദിയായി ഈ ദിനം പ്രവർത്തിക്കുന്നു. ഈ ദിനത്തോടനുബന്ധിച്ച് ഒരു യോഗ ബോധവത്ക്കരണ ക്ലാസ്സ് എൻ.എസ്.എസ് യുണിറ്റിന്റെ ആഭിമുഖ്യത്തിൽ INSeR MCC യിൽ 22/06/23 മൂന്ന് മണിക്ക് യോഗ മാസ്റ്റർ ശ്രീ. സദാനന്ദ ബാബുവിന്റെ നേതൃത്വത്തിൽ ഒന്നാം വർഷ ബി.എസ്.സി വിദ്യാർത്ഥികൾക്ക് നൽകുകയുണ്ടായി. ഇന്നത്തെ ലോകത്തിൽ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന്റെ പ്രാധാന്യത്തിലേക്ക് വെളിച്ചം വീശുന്ന യോഗാ പരിശീലനവും ഉൾപ്പെട്ടതായിരുന്നു ഈ അവബോധ ക്ലാസ്സ്. ഡോ.രോഹിണി. ടി പ്രിൻസിപ്പൽ INSeR MCC ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഒന്നര മണിക്കൂർ നീണ്ട യോഗ പരിശീലന ക്ലാസ്സ് നാല് മുപ്പതോടുകൂടി പര്യവസാനിച്ചു.







# ഫീനിക്സ് 2023 - ആർട്ട് ഫെസ്റ്റ് ആന്റ് സ്പോർട്ട്സ് മീറ്റ്




INSeR MCC 2022-2023 അദ്ധ്യയന വർഷത്തിലെ SNA കോളേജ് യൂണിയൻ ആർട്ട്സ് ആൻറ് സ്പോർട്ട്സ് മീറ്റ് 19/07/2023 മുതൽ 29/07/23 വരെ നടത്തപ്പെട്ടു ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഡോ.രോഹിണി.ടി ഉദ്ഘാടനം ചെയ്തു. 19/07/2023 മുതൽ 29/07/2023 വരെ കോളേജിൽ വച്ച് നടത്തിയ വിവിധ കലാമത്സരങ്ങളിൽ എല്ലാ ബാച്ചുകളിലെയും വിദ്യാർത്ഥികൾ തങ്ങളുടെ കഴിവ് പ്രകടിപ്പിക്കുകയും സജീവമായി പങ്കെടുക്കുകയും ചെയ്തു. മിസ്റ്റർ. SNA ആയി അതുൽ രാജ്(2019 ബാച്ച്)നെയും Miss. SNA ആയി മിസ്സ്. നവ്യ വിനോദനെയും (2019 ബാച്ച്)നെയും തിരഞ്ഞെടുത്തു. 27/09/2023ൽ തലശ്ശേരി പോലീസ് മൈതാനിയിൽ നാല് ഹൗസുകളായി തിരിച്ച് നടത്തിയ മത്സരങ്ങളിൽ 'ബുള്ളേളാസ്' ഓവറോൾ ചാമ്പ്യൻമാരാവുകയും Mr.എൽദോ ജെയിംസ്(2021 ബാച്ച്), Miss.നയന. P.S (2019 ബാച്ച്) എന്നിവർ വ്യക്തിഗത ചാമ്പ്യൻമാരാവുകയും ചെയ്തു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംങ്ങ് സയൻസസ് ആന്റ് റിസർച്ച് - മലബാർ കാൻസർ സെന്റർ തലശ്ശേരി - സ്റ്റുഡന്റ് നഴ്സസ് അസോസിയേഷൻ - 23








സ്റ്റുഡന്റ് നഴ്സസ് അസോസിയേഷൻ നോർത്ത് സോൺ വാർഷിക കലാ കായിക മേള കണ്ണൂരിലെ വിവിധ നഴ്സിംങ്ങ് കോളേജുകളിലായി 2023 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ അരങ്ങേറി.

അറീന ഫുഡ്ബോൾ ടർഫ് പിലാത്തറ, മാങ്ങാട്ടുപറമ്പ് പോലീസ് മൈതാനം, റിക്രിയേഷൻ ക്ലബ് തളിപറമ്പ് എന്നിവിടങ്ങളിൽ വച്ച് 21/09/2023, 22/09/23, 24/09/23 എന്നീ തീയ്യതികളിൽ നടന്ന കായിക മത്സരങ്ങളിൽ പെൺകുട്ടികളുടെ ജാവലിൻ ത്രോയിൽ രണ്ടാം സ്ഥാനവും ആൺകുട്ടികളുടെ ഷട്ടിൽ ബാഡ്മിന്റണിൽ മൂന്നാം സ്ഥാനവും ഇൻസറിലെ വിദ്യാർത്ഥികൾ കരസ്ഥമാക്കി.

സൃഷ്ടി 2023 എഴുത്തു - വര മത്സരങ്ങൾ 05/09/2023ന് കനോസ കോളേജ് ഓഫ് നഴ്സിംങ്ങ് ചെറുകുന്നിൽ വച്ച് നടന്നു. ഇതിൽ മലയാളം ഉപന്യാസ മത്സരത്തിൽ ഒന്നാം സ്ഥാനവും, ഓൺ ദി സ്പോർട്ട് പെയിന്റിംഗിൽ രണ്ടാം സ്ഥാനവും, കഥാരചനയിലും പെൻസിൽ സ്കെച്ചിലും മൂന്നാം സ്ഥാനവും വിദ്യാർത്ഥികൾ കരസ്ഥമാക്കി.

കൊയിലി കോളേജ് ഓഫ് നഴ്സിംങ്ങ് കാട്ടാമ്പള്ളിയിൽ 11/09/2023 ന് വെച്ച് നടന്ന, വിദ്യാഭ്യാസ മത്സരമാമാങ്കം മികവ് - 2023 യിൽ വിദ്യാർത്ഥികൾക്ക് ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചു. വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള പോസ്റ്റർ നിർമ്മാണ മത്സരങ്ങളിൽ നാല് ഇനങ്ങളിൽ മൂന്നാം സ്ഥാനവും ലഭിച്ചു.

ധ്വനി-23 ദ്വിദിന നോർത്ത് സോൺ കായിക മേള 15/09/2023, 16/09/2023 എന്നീ ദിവസങ്ങളിൽ കണ്ണൂർ ഗവൺമെന്റ് നഴ്സിംങ്ങ് കോളേജിൽ വച്ച് നടന്നു. പതിനേഴോളം നഴ്സിംങ്ങ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ പങ്കെടുത്ത ഈ കായിക മേളയിൽ ഭരതനാട്യം, മൈം എന്നീ ഇനങ്ങളിൽ വിദ്യാർത്ഥികൾക്ക് മൂന്നാം സ്ഥാനം ലഭിച്ചു.

വിദ്യാർത്ഥികളുടെ കലാ കായിക പരമായ കഴിവുകൾ കണ്ടെത്തുവാനും അത് പരിപോഷിപ്പിക്കുവാനും സ്റ്റുഡന്റ് നഴ്സസ് അസൊസിയേഷൻ വിവിധ വേദികൾ സഹായകമായി.

## 200 രോഗികൾക്ക് മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയ പൂർത്തിയാക്കിയ മലബാർ കാൻസർ സെന്റർ




കാൻസർ ചികിത്സാരംഗത്ത് ചരിത്രം രചിച്ച് മുന്നേറുന്ന മലബാർ കാൻസർ സെന്റർ മേധാവികൾക്ക് ആദരം അർപ്പിച്ച് കെയർ ആന്റ് ക്യൂർ ഫൗണ്ടേഷൻ. മലബാർ കാൻസർ സെന്ററിൽ 200 രോഗികൾക്ക് മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയ പൂർത്തിയാക്കിയതിന്റെ ഭാഗമായാണ് എം.സി.സി മേധാവികൾക്ക് കെയർ ആന്റ് ക്യൂർ ഫൗണ്ടേഷൻ വാർഷിക ജനറൽ ബോഡി യോഗത്തിൽ സ്നേഹാദരവ് നല്കിയത്. കെയർ ആന്റ് ക്യൂർ ഫൗണ്ടേഷന്റെ ഉപഹാരം എം.സി.സിയിലെ ക്ലിനിക്കൽ ഹെമറ്റോളജി ആന്റ് മെഡിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. ചന്ദ്രൻ കെ.നായർ, റേഡിയേഷൻ ഓങ്കോളജി വിഭാഗം മേധാവി ഡോ.എം.ഗീത, അഡ്മിനിസ്ട്രേഷൻ മേധാവി.അനിതാ എന്നിവർക്ക് സി.സി.എഫ് ഭാരവാഹികളായ പി.ഒ ജാബിർ, പി.പി. ഫാറൂഖ്, അബ്ദുൾ ലത്തീഫ് കെ.എസ്.എ, മുഹമ്മദ് നിസാർ, പി.എം.സി മൊയ്തു, പി.വി. ഹംസ, കെ.സക്കറിയ, എം. ഉവൈസ് എന്നിവർ ചേർന്ന് സമ്മാനിച്ചു.

ആലേഖം

**രഞ്ജിത്ത് എം.കെ.**
സിസ്റ്റം മാനേജർ

# ഒപ്പം : പ്രശ്ന പരിഹാര കൂട്ടായ്മ

## രോഗീപരിചരണം, നിർദ്ദേശങ്ങൾ, പരാതി പരിഹാരം മുതലായവയ്ക്ക് പിന്തുണയേകുവാനുള്ള മലബാർ കാൻസർ സെന്ററിന്റെ ഒരു സോഷ്യൽ മീഡിയ സംരംഭം

**പദ്ധതിയെക്കുറിച്ച് :** ഒപ്പം : പ്രശ്ന പരിഹാര കൂട്ടായ്മ എന്നത് തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിലെ (എം.സി.സി) രോഗീപരിചരണം, പരാതി പരിഹാരം എന്നിവയ്ക്ക് പിന്തുണയേകുന്നതിനുള്ള ഒരു വാട്സ് ആപ്പ് കൂട്ടായ്മയാണ്. മലബാർ കാൻസർ സെന്ററിൽ ചികിത്സ തേടുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും സ്ഥാപനത്തിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ എത്രയും പെട്ടെന്ന് പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. കോവിഡിന്റെ ഭാഗമായുള്ള ലോക്ഡൗൺ കാലത്ത് രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പിന്തുണയേകുന്നതിൽ ഈ പദ്ധതി നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. 2019 -20 വർഷത്തെ കേരള സംസ്ഥാന ഇ- ഗവേണൻസ് അവാർഡ് (സോഷ്യൽ മീഡിയ & ഇ-ഗവേണൻസ് കാറ്റഗറിയിലും ഇന്നവേഷൻസ് ഇൻ കോവിഡ് പാൻഡെമിക് മാനേജ്മെന്റ് കാറ്റഗറിയിലും) ഈ പദ്ധതിക്ക് ലഭിക്കുകയുണ്ടായി.

2019 ഒക്ടോബർ 17 ന് ആരംഭിച്ച ഈ പദ്ധതിയുടെ നടത്തിപ്പും ഏകോപനവും നടത്തുന്നത് എം.സി.സി യിലെ ആരോഗ്യ വിവര സാങ്കേതിക വിദ്യാ വിഭാഗമാണ്. അഡ്മിനിസ്ട്രേറ്റീവ്, ഡോക്ടർമാർ, എഞ്ചിനിയറിംഗ്, മെയിന്റനൻസ്, പാരാമെഡിക്കൽ അനുബന്ധ വിഭാഗങ്ങൾ എന്നിവരുൾപ്പെടെ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെ വാട്സ് ആപ്പ് ഗ്രൂപ്പാണ് പദ്ധതിയുടെ കാതൽ. ഈ പദ്ധതിക്കായി പ്രത്യേക വാട്സ് ആപ്പ് നമ്പർ അവതരിപ്പിക്കുകയും ഈ വിവരം പത്രങ്ങൾ, സോഷ്യൽ മീഡിയ, പോസ്റ്ററുകൾ മുതലായവ വഴി പ്രസിദ്ധീകരിക്കുകയും ചെയ്തു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പൊതുജനങ്ങൾക്കും അവരുടെ നിർദ്ദേശങ്ങൾ, പരാതികൾ, സംശയങ്ങൾ മുതലായവ എഴുതിയോ, ശബ്ദ സന്ദേശമായോ ഈ നമ്പറിലൂടെ സമർപ്പിക്കാം. കൂടാതെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും അവരുടെ പരിശോധന റിപ്പോർട്ടുകൾ സമർപ്പിച്ച് വിദഗ്ധരായ ഡോക്ടർമാരിൽ നിന്ന് അഭിപ്രായങ്ങൾ തേടുന്നതിനുള്ള സൗകര്യവുമുണ്ട്. ലോക്ഡൗൺ കാലയളവിൽ മരുന്ന് വിതരണത്തിനുള്ള പിന്തുണയും ഈ സംവിധാനം വഴി നൽകി.

മിക്ക രോഗികളും കൂട്ടിരിപ്പുകാരും വാട്സ് ആപ്പ് പരിചിതരാണെന്നും വാട്ട്സ്ആപ്പ് വഴിയുള്ള ആശയ വിനിമയം കത്തുകളോ ഇ-മെയിലുകളോ എഴുതുന്നതിനെക്കാൾ വേഗമേറിയതും ലളിതവുമാണെന്ന് ഞങ്ങൾ മനസ്സിലാക്കുകയും പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിനായി ഒപ്പം പദ്ധതി ആരംഭിക്കുകയും ചെയ്തു. പിന്നീട് കോവിഡ്-19 ലോക് ഡൗൺ കാരണം അർബുദ രോഗികൾക്ക് ചികിത്സാ നിർദ്ദേശങ്ങൾ നൽകുന്നതിനും സംശയ ദൂരീകരണത്തിനും മരുന്ന് വിതരണം ഏകോപിപ്പിക്കുന്നതിനുമായി പദ്ധതി വിപുലീകരിച്ചു.

### പദ്ധതിയുടെ ഉദ്ദേശ്യവും മുൻഗണനകളും

മലബാർ കാൻസർ സെന്ററിന്റെ വികസനത്തിനും, രോഗികൾക്കും സന്ദർശകർക്കും ഉള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനും, മെച്ചപ്പെട്ട രോഗീ പരിചരണം ലഭ്യമാക്കുന്നതിനുമായി വിവിധ തത്പര കക്ഷികളിൽനിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനാണ് ഒപ്പം പദ്ധതി തുടക്കത്തിൽ ലക്ഷ്യമിട്ടത്. 2021 മാർച്ചിൽ കോവിഡ്-19 ലോക് ഡൗണും യാത്രാ നിയന്ത്രണങ്ങളും കാരണം, ഒപ്പം പേഷ്യന്റ് കെയർ എന്ന പേരിൽ പുതിയ കാൻസർ രോഗികൾക്ക് ഉപദേശവും പിന്തുണയും നൽകാനും സന്നദ്ധപ്രവർത്തകർ, പോലീസ് വകുപ്പ് മുതലായവ മുഖേന കാൻസർ മരുന്ന് വിതരണം സുഗമമാക്കാനും പദ്ധതി വിപുലീകരിച്ചു.

### നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ:

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ വിഭാഗങ്ങളിൽ നിന്നുള്ള സമർപ്പിതരായ ഉദ്യോഗസ്ഥരെ ആദ്യം കണ്ടെത്തുകയും ഒരു ഒപ്പം വാട്ട്സ് ആപ്പ് ഗ്രൂപ്പ് സൃഷ്ടിക്കുകയും ചെയ്തു. തുടർന്ന് പോസ്റ്ററുകൾ, സോഷ്യൽ മീഡിയ, ന്യൂസ് പേപ്പർ എന്നിവയിലൂടെ ഒപ്പം വാട്സ് ആപ്പ് നമ്പർ (91 88 20 26 02) അവതരിപ്പിച്ചു. ഈ ഗ്രൂപ്പിന് പുറമേ, എം.സി.സി യിലെ വിവിധ സ്പെഷ്യാലിറ്റികളിൽ നിന്നുള്ള ഡോക്ടർമാരുടെ ഒരു പേഷ്യന്റ് സപ്പോർട്ട് ഗ്രൂപ്പും, ഫാർമസി സ്റ്റാഫ്, ഹോസ്പിറ്റൽ അസിസ്റ്റന്റ്മാർ എന്നിവരുമായി ഒരു മെഡിസിൻ ഡെലിവറി ഗ്രൂപ്പും രൂപീകരിച്ചു.

ഒപ്പം വാട്ട്സ് ആപ്പ് നമ്പർ വഴി പരാതികൾ, നിർദ്ദേശങ്ങൾ, മെഡിസിൻ അഭ്യർത്ഥനകൾ, ചികിത്സ അന്വേഷണം, ആശങ്കകൾ മുതലായവ സമർപ്പിക്കാനും അഭിപ്രായങ്ങൾ തേടുന്നതിനും രോഗികൾ, കൂട്ടിരിപ്പുകാർ, പൊതുജനങ്ങൾ, എന്നിവർക്ക് സൗകര്യമുണ്ട്. ഉപയോക്താവ് ഒരു ചോദ്യം സമർപ്പിക്കു




ലഭിച്ച പരാതി/നിർദ്ദേശങ്ങൾ/അന്വേഷണം/ചികിത്സ & മരുന്ന് അഭ്യർത്ഥനകളുടെ എണ്ണം




ഫീഡ്ബാക്ക്സർവേയെ അടിസ്ഥാനമാക്കിയുള്ള ഉപയോക്താക്കളുടെ സംതൃപ്തി നില




ഒപ്പം നടപ്പിലാക്കുന്നതിന് മുമ്പും ശേഷവും വളരെ സംതൃപ്തരായ ശരാശരി രോഗികളുടെ കണക്ക്





ഒപ്പം പദ്ധതിക്ക് ലഭിച്ച കേരള സംസ്ഥാന ഇ-ഗവേണൻസ് അവാർഡ് എം.സി.സി അധികൃതർ സ്വീകരിക്കുന്നു.



മ്പോൾ വാട്ട്സ് ആപ്പ് ഗ്രൂപ്പ് അഡ്മിനിസ്ട്രേറ്റർ ഒരു ഒപ്പം റഫറൻസ് നമ്പർ നൽകുകയും ബന്ധപ്പെട്ട ഗ്രൂപ്പിലേക്ക് അന്വേഷണം കൈമാറുകയും ചെയ്യും. ബന്ധപ്പെട്ട സ്റ്റാഫ്/ഡോക്ടർമാരുടെ സംഘം ചോദ്യം/ പ്രശ്നം വിശകലനം ചെയ്യുകയും ഉടനടി പരിഹരിക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. പ്രശ്നം പരിഹരിക്കുകയും അഭ്യർത്ഥിച്ച പിന്തുണ നൽകുകയും ചെയ്ത ശേഷം സംതൃപ്തിയുടെ നില മനസ്സിലാക്കുന്നതിനായി ഉപയോക്താക്കളിൽ നിന്ന് ഫീഡ് ബാക്ക് ശേഖരിക്കുകയും പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും നയപരമായ തീരുമാനങ്ങൾക്കുമായി എം.സി.സി യിലെ പരാതി പരിഹാര സമിതി, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി, വകുപ്പ് തല യോഗം എന്നിവയിലും വിശദാംശങ്ങൾ അവതരിപ്പിക്കുകയും ചെയ്യും.

**ജീവനക്കാരുടെ പങ്കാളിത്തം :** സമർപ്പിതരായ അഡ്മിനിസ്ട്രേറ്റീവ്, മെയിന്റനൻസ്, പാരാ മെഡിക്കൽ സ്റ്റാഫ്, ഡോക്ടർമാർ എന്നിവരുടെ കൂട്ടായ പരിശ്രമമാണ് പദ്ധതിയുടെ വിജയം. വിവിധ സ്പെഷ്യാലിറ്റികളിലെ ഡോക്ടർമാരുടെ, ഒപ്പം പേഷ്യന്റ് കെയർ ഗ്രൂപ്പ്, അഡ്മിനിസ്ട്രേറ്റീവ്, എഞ്ചിനിയറിംഗ്, മെയിന്റനൻസ്, പാരാമെഡിക്കൽ, അനുബന്ധ വിഭാഗങ്ങളുടെ ഒപ്പം ഗ്രൂപ്പ് എന്നിവ പദ്ധതിയെ വിജയകരമാക്കുന്നു

### പദ്ധതിയുടെ പ്രധാന ഫലങ്ങൾ :

ഒപ്പം പദ്ധതിയുടെ പ്രധാന ഫലങ്ങൾ ഇപ്രകാരമാണ്.

- രോഗികൾ, കൂട്ടിരിപ്പുകാർ, സന്ദർശകർ എന്നിവരുടെ പരാതികൾ വേഗത്തിൽ പരിഹരിക്കുവാൻ സാധിക്കുന്നു.
- ആശുപത്രിയിലേക്ക് യാത്ര ചെയ്യാതെ കാൻസർ രോഗികൾക്ക് വിദഗ്ധ അഭിപ്രായം തേടുവാൻ കഴിയുന്നു.
- ലളിതമായ നടപടിക്രമങ്ങൾ ഉപയോക്താക്കൾക്ക് വാട്ട്സ് ആപ്പ് വഴി എഴുതിയോ, ശബ്ദ സന്ദേശമായോ അഭ്യർത്ഥനകളും പരാതികളും സമർപ്പിക്കാം.
- സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ഒപ്പം പ്ലാറ്റ്ഫോം വഴി രോഗികൾക്ക് മരുന്നുകൾ വിതരണം ചെയ്യുന്നത് ലോക് ഡൗൺ കാലയളവിൽ അനാവശ്യ യാത്രകൾ ഒഴിവാക്കുവാൻ രോഗികളെ സഹായിച്ചു.
- സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ ശക്തി ഉപയോഗിച്ച് പൊതു സേവനങ്ങൾ നൽകുന്നതിനും പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള ഈ സംരംഭം അനുകരിക്കാവുന്നതും സുസ്ഥിര മാതൃകയുമാണ്.
- യാത്രാച്ചെലവും മറ്റ് യാത്രാ ഭാരങ്ങളും കുറയ്ക്കുന്നതിലൂടെ അന്തിമ ഉപയോക്താക്കൾക്ക് സാമ്പത്തിക നേട്ടം ലഭിക്കുന്നു.
- ഒപ്പം നടപ്പിലാക്കുന്നതിന് മുമ്പും ശേഷവും വളരെ സംതൃപ്തരായ ശരാശരി രോഗികളുടെ കണക്ക് 84 ശതമാനത്തിൽ നിന്ന് 89 ശതമാനമായി ഉയർന്നതായി കണ്ടു.

### പദ്ധതിയുടെ പ്രധാന സവിശേഷതകൾ ഇനിപ്പറയുന്നവയാണ്:

- ലളിതമായ പ്രവർത്തന രീതി.
- പരാതി പരിഹാരത്തിനും രോഗീപരിചരണം സുഗമമാക്കുന്നതിനുമുള്ള ലളിതവും വേഗത്തിലുള്ളതുമായ നടപടിക്രമങ്ങൾ
- സേവനങ്ങളുടെ വർദ്ധിച്ച കാര്യക്ഷമത
- രോഗീ പരിചരണത്തിന്റെ ഗുണനിലവാരം വർദ്ധിച്ചു.
- സേവനങ്ങളുടെ ഗുണനിലവാരം വർദ്ധിച്ചു.
- അനുകരിക്കാവുന്നതും സുസ്ഥിരവുമായ മാതൃക. പൊതു സേവനങ്ങൾ നൽകുന്നതിന് ഏത് സ്ഥാപനത്തിനും സ്വീകരിക്കാവുന്നതാണ്.
- സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ ഒപ്പം പ്ലാറ്റ് ഫോമിലൂടെ രോഗികൾക്ക് മരുന്നുകൾ വിതരണം ചെയ്തു.
- ഉത്തരവാദിത്തവും പ്രതികരണശേഷിയും മെച്ചപ്പെട്ടു.

### പദ്ധതി നടപ്പിലാക്കുമ്പോൾ നേരിട്ട വെല്ലുവിളികൾ

രോഗിയെ കാണാതെ ഒപ്പം വഴി സമർപ്പിച്ച രേഖകളുടേയും റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ കാൻസർ കേസുകളിൽ വിദഗ്ധ അഭിപ്രായം നൽകുന്നതുമായി ബന്ധപ്പെട്ടതാണ് നടപ്പാക്കുന്ന ഘട്ടത്തിൽ നേരിട്ട പ്രധാന വെല്ലുവിളികളിലൊന്ന്. വീഡിയോ കോൺഫറൻസിംഗ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ഇത് മറികടന്നത്. ഡോക്ടർക്ക് രോഗിയെ കാണണമെങ്കിൽ ഗ്രൂപ്പിന്റെ അഡ്മിനിസ്ട്രേറ്റർ വാട്ട്സ് ആപ്പ്/സൂം അല്ലെങ്കിൽ ഗൂഗിൾ മീറ്റ് വഴി വീഡിയോ കൺസൾട്ടേഷൻ സൗകര്യം ക്രമീകരിക്കും. ലോക് ഡൗൺ കാലത്ത് രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടായിരുന്നു മറ്റൊരു വെല്ലുവിളി. സന്നദ്ധപ്രവർത്തകൾ, പോലീസ്, എക്സൈസ്, സർക്കാർ ഇതര സംഘടനകൾ എന്നിവരുടെ പിന്തുണ ഉപയോഗിച്ചാണ് ഇത് മറികടന്നത്.

ഒപ്പം പദ്ധതി പൊതു സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പരാതികൾ കൈകാര്യം ചെയ്യുന്നതിനും വളരെ ഉപകാരപ്രദമാണ്. കൂടാതെ നടപ്പിലാക്കുന്നതിനുള്ള ചിലവ് വളരെ ചെറുതാണ്. കഴിഞ്ഞ മൂന്നുവർഷ കാലയളവിൽ രണ്ടായിരത്തിലധികം ആളുകൾ ഒപ്പം സേവനം പ്രയോജനപ്പെടുത്തി. പരാതി പരിഹാര സംവിധാനം മെച്ചപ്പെടുത്തുവാനും ഉപഭോക്തൃ പിന്തുണ നൽകുന്നതിനുമുള്ള മികച്ചതും അനുകരിക്കാവുന്നതും സുസ്ഥിരവുമായ മാതൃകയാണിത്. മികച്ച പൊതു സേവനങ്ങൾ നൽകുന്നതിന് ഏതൊരു സ്ഥാപനത്തിനും ഈ മാതൃക സ്വീകരിക്കാവുന്നതാണ്.




ഒപ്പം : പ്രവർത്തന രീതി

ആലേഖം

ഡോ. ഹൃദ്യ
ഓക്യൂലാർ ഓങ്കോളജി

# ഓക്യുലർ ഓങ്കോളജി സേവനം

നേത്ര ഓങ്കോളജിയിൽ കണ്ണിന്റെയോ ചുറ്റുവട്ടത്തോ ഉള്ള ദോഷകരമല്ലാത്തതും അർബുദവുമായ മുഴകളുടെ രോഗ നിർണ്ണയവും ചികിത്സയും ഉൾപ്പെടുന്നു. കണ്ണിന്റെ ഉപരിതലത്തിലും കൺപോളകളിലും കണ്ണിനുള്ളിലെ ടിഷ്യൂവിലും മുഴകൾ ഉണ്ടാകാം. വളരെ ചെറിയ പ്രായത്തിലുള്ള കുട്ടികളുടെ കണ്ണിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്ന ഒരു കാൻസറാണ് റെറ്റിനോബ്ലാസ്റ്റോമ. നിലവിൽ കേരളത്തിൽ നിന്നുള്ളവർ റെറ്റിനോബ്ലാസ്റ്റോമയുടെ വിദഗ്ധ ചികിത്സയ്ക്കായി മറ്റ് സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. നേത്രാർബുദ രോഗ നിർണ്ണയവും ചികിത്സയും ലക്ഷ്യമിട്ട് 2022 ൽ മലബാർ കാൻസർ സെന്ററിൽ നേത്ര ഓങ്കോളജി വിഭാഗം ആരംഭിച്ചു. എം.സി.സിയിൽ സർജിക്കൽ ഓങ്കോളജി വകുപ്പിന് കീഴിലുള്ള ഓക്യൂലാർ ഓങ്കോളജി വിഭാഗം സമഗ്രമായ നേത്ര പരിശോധനകൾ വാഗ്ദാനം ചെയ്യുന്നു.

## എം.സി.സിയിലെ ഓക്യുലാർ ഓങ്കോളജിയിൽ ലഭ്യമായ സൗകര്യങ്ങൾ

- റെറ്റിനോബ്ലാസ്റ്റോമ - കണ്ണിന്റെ കാഴ്ച പൂർണ്ണമായും നഷ്ടപ്പെടാനിടയുള്ള ഈ കാൻസർ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ പൂർണ്ണമായും കാഴ്ചയും ജീവനും നിലനിർത്താൻ കഴിയും. റെറ്റിനോബ്ലാസ്റ്റോമയ്ക്ക് ലഭ്യമായ ഏറ്റവും മികച്ച ചികിത്സ ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഇതിൽ അനസ്തേഷ്യയിൽ ആനുകാലിക പരിശോധന, ഇൻട്രാ വിട്രിയൽ കീമോ തെറാപ്പി, ക്രയോ തെറാപ്പി, ലേസർ തെറാപ്പി, ട്രാൻസ്പ്പില്ലറി തെർമോ തെറാപ്പി, സിസ്റ്റമിക് കീമോതെറാപ്പി എന്നിവ ഉൾപ്പെടുന്നു. ഇൻട്രാ ആർട്ടീരിയൽ കീമോ തെറാപ്പി (IAC) ആണ് റെറ്റിനോബ്ലാസ്റ്റോമയ്ക്കുള്ള ഏറ്റവും നൂതനമായ ചികിത്സാരീതി. എന്നിരുന്നാലും വലിയ സാമ്പത്തിക ബാധ്യത കാരണം ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങളിൽ ഇത് എല്ലാവർക്കും പ്രാപ്യമല്ല. എം.സി.സിയിൽ ഒരു വലിയ നാഴികക്കല്ല് കൈവരിച്ചു. സമൂഹത്തിലെ എല്ലാ സാമൂഹിക സാമ്പത്തിക തലങ്ങളിൽ നിന്നുമുള്ള റെറ്റിനോബ്ലാസ്റ്റോമയുള്ള കുട്ടികൾക്ക് ഞങ്ങൾ (IAC) താങ്ങാനാവുന്നതും സ്വീകാര്യവുമാക്കി.
- ശസ്ത്രക്രിയയുടെ രോഗാവസ്ഥ ഒഴിവാക്കിക്കൊണ്ട്, കൺജക്റ്റിവൽ സ്ക്വാമസെൽ കാർസിനോമ, നേത്ര ഉപരിതല സ്ക്വാമസ് നിയോപ്ലാസിയ എന്നിവയെ ടോപ്പിക്കൽ ഇൻട്രാലെഷണൽ കീമോതെറാപ്പിറ്റിക് ഏജന്റുകൾ ഉപയോഗിച്ച് ചികിത്സിക്കുന്നതിലും ഞങ്ങൾ വിജയം കൈവരിച്ചു.
- കോറോയ്ഡൽ മെലനോമ, റെറ്റിനോബ്ലാസ്റ്റോമ, തുടങ്ങിയ ഇൻട്രാക്യൂലർ ട്യൂമറുകളുടെ ചികിത്സയ്ക്കായി പ്ലാക്ക് ബ്രാക്കി തെറാപ്പി യൂണിറ്റ് ഉള്ള ചുരുക്കം ചില കേന്ദ്രങ്ങളിൽ ഒന്നാണ് എം.സി.സി. കണ്ണ് നീക്കം ചെയ്യാതെ തന്നെ കാൻസറിനെ ചികിത്സിക്കാൻ ഈ ചികിത്സ നമ്മെ അനുവദിക്കുന്നു. കാഴ്ച, സ്വാതന്ത്ര്യം, ജീവിത നിലവാരം എന്നിവ സംരക്ഷിക്കുന്നു. കൂടാതെ രക്ഷിക്കാൻ കഴിയാത്ത കണ്ണുകൾക്ക്, കണ്ണ് നീക്കം ചെയ്യുന്ന ശസ്ത്രക്രിയ നടത്തുന്നു. ഓക്യുലാരിസ്റ്റുമായി ഏകോപിപ്പിച്ച്, ഞങ്ങൾ അവരെ കൃത്രിമ കണ്ണ് ഉപയോഗിച്ച് പുനരധിവസിപ്പിക്കുന്നു.



- നേത്ര അർബുദം കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനും പുറമേ രക്താർബുദം കണ്ടെത്തിയ കുട്ടികളിൽ ഞങ്ങൾ പതിവ് പരിശോധന നടത്തുന്നു.സിസ്റ്റമിക് കീമോ തെറാപ്പിയുടേയും റേഡിയേഷന്റെയും നേത്ര പാർശ്വഫലങ്ങൾ നിർണ്ണയിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നു.

**ഐശ്വര്യ.കെ.എസ്**
സ്റ്റാഫ് നഴ്സ്

# ഒരമ്മയുടെ വേദന

ICU വിലെ ഡ്യൂട്ടി എന്നും വളരെ തിരക്കുള്ളതായിരിക്കും. വളരെയധികം മരണങ്ങൾ നേരിൽ കാണാറുണ്ട്. എങ്കിലും എന്തോ എനിക്ക് നിന്നെ മറക്കാൻ പറ്റുന്നില്ല. ഒരമ്മ മനസ്സ് എന്തെല്ലാം ഓർത്ത് വിഷമിക്കുന്നുണ്ടായിരിക്കും എന്നതിന് ഒരു ഉത്തമ ഉദാഹരണമാണ് നീ.

വളരെ complicated ആയ ബ്ലഡ് കാൻസർ ആണ് അവളെ ബാധിച്ചിരിക്കുന്നത്. രണ്ട് മാസം മുമ്പ് വരെ സാധാരണക്കാരെ പോലെ ജീവിച്ചിരുന്ന 26 വയസ്സുള്ള ഒരു ടീച്ചർ. എല്ലാവരെയും പോലെ ജീവിതത്തിൽ വളരെ സ്വപ്നങ്ങൾ കണ്ട, നന്നായി പഠിച്ചിരുന്ന, ഒരു സാധാരണ കുട്ടി. ഒരു ചെറിയ പനിയിൽ തുടങ്ങിയ ബുദ്ധിമുട്ട് അവളെ ഇവിടെ വരെ എത്തിച്ചു. അതും സാധാരണമല്ലാത്ത കാൻസറിൽ .

കീമോതെറാപ്പി എടുത്ത് വായിൽ മുഴുവൻ അൾസർ ആയി തുടർച്ചയായ പനി കാരണം ആണ് അവൾ വാർഡിൽ നിന്നും ICU വിൽ എത്തിയത്. അവൾക്ക് ഭക്ഷണം കഴിക്കാനും എന്തിന് ഒന്ന് സംസാരിക്കാൻ പോലും പറ്റുന്നില്ലായിരുന്നു. അവളുടെ അമ്മയും സഹോദരനുമായിരുന്നു പുറത്തുണ്ടായിരുന്നത്. അവരും വളരെ ദുഖിതരായിരുന്നു. അവൾക്ക് 4 വയസ്സുള്ള ഒരു മകളുണ്ട്. ഭർത്താവ് രണ്ട് മാസം മുമ്പ് നാട്ടിൽ വന്നിട്ട് ഗൾഫിലേക്ക് തിരിച്ചുപോയി. അതിന് ശേഷമാണ് അവൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ട് തുടങ്ങിയത്.

അവൾ വളരെ ക്ഷീണിതയായിരുന്നു. അതുപോലെ മകളെപ്പറ്റിയുള്ള ചിന്തകൾ അവളെ വളരെയധികം വിഷമിപ്പിച്ചു. അവൾ ഒരു ദിവസം പറഞ്ഞു അവളുടെ ഭർത്താവിന് അവളെ കണ്ടാൽ മനസ്സിലാകില്ലായിരിക്കും കാരണം മുടിയെല്ലാം പോയി ആകെ കറുത്തിരുന്നു അവൾ. ഓരോ പകലുകളും രാത്രികളും കൊഴിഞ്ഞു പോയ്കൊണ്ടിരുന്നു. അവളുടെ അവസ്ഥയ്ക്ക് ചെറിയ ഒരു മാറ്റം കണ്ടുതുടങ്ങി. എങ്കിലും അവൾ ICU വിൽ തന്നെയായിരുന്നു. അവൾ എല്ലാ ദിവസവും അവളുടെ മകളെപ്പറ്റി പറയും. അവളുടെ കളികൾ, കുറുമ്പുകൾ എല്ലാം... അവസാനം കരഞ്ഞുകൊണ്ട് മകളെ കാണണമെന്ന ആഗ്രഹവും. ആർക്കാണ് കാണാൻ ആഗ്രഹമുണ്ടാകാത്തത്. എന്റെ മനസ്സൊന്ന് പിടഞ്ഞു. എങ്കിലും അവളെ ആശ്വസിപ്പിച്ചു. എല്ലാം ശരിയായി മകളെ കാണാമെന്ന്.

ഒരു ദിവസം ഉച്ചയ്ക്ക് അവളുടെ അവസ്ഥയ്ക്ക് മാറ്റം വന്നു. BP പതുക്കെ കുറയുന്നു. ഓക്സിജൻ സപ്പോർട്ട് വേണ്ടിവരുന്നു. അവൾക്ക് ആകെ പേടിയായി. രാത്രിയിൽ അവൾ വിളിച്ചുകൊണ്ടേയിരിക്കും

എന്തായാലും ഭർത്താവ് നാട്ടിൽ വന്നു. അയാൾ ICU വിൽ അവളെ കാണാൻ വന്നു. അപ്പോഴേക്കും അവളുടെ കണ്ണിലെ തിളക്കം കുറഞ്ഞിരുന്നു. അവന് വിശ്വസിക്കാൻ പ്രയാസമുള്ള രീതിയിൽ അവൾ മാറിയിരിക്കുന്നു. അവൻ കണ്ണുനീർ ഒളിക്കുന്നത് ഞങ്ങൾക്ക് കാണാമായിരുന്നു. ഡോക്ടർ അനുവാദം കൊടുത്തു മകളെ കൊണ്ടുവന്നു കാണിക്കാൻ. ഞങ്ങൾ



അവളുടെ കൈയിൽ ഒന്ന് പിടിച്ച് കൂടെയിരിക്കാൻ. കാരണം അവൾ മരണത്തെ ഭയപ്പെട്ടിരുന്നു. എത്രയോ രാത്രികൾ അവളുടെ കൂടെ അവളെ ആശ്വസിപ്പിച്ച് കടന്നുപോയി.... ഒരു ദിവസം പറഞ്ഞു മോളെ നന്നായി പഠിപ്പിക്കണം, നല്ലതുപോലെ പടം വരയ്ക്കുന്ന കുട്ടിയാണ്, അത് പഠിപ്പിക്കണം. അങ്ങനെ മോളെ പറ്റിയുള്ള ആഗ്രഹങ്ങൾ... അവസാനം എല്ലാ ദിവസവും പറയുന്നതുപോലെ മോളെ കാണാൻ ഉള്ള ആഗ്രഹവും. അവളുടെ കണ്ടീഷൻ കുറച്ചുകൂടെ സീരിയസ് ആയി. ഡോക്ടർ അവളുടെ അവസ്ഥ സഹോദരനോട് പറഞ്ഞ് മനസ്സിലാക്കി. ഞങ്ങൾ അവളുടെ മകളെ കാണണമെന്ന ആഗ്രഹം ഡോക്ടറോടും.

വളരെ ആശ്വാസത്തിലായി. ഏതൊരമ്മയാണ് ആഗ്രഹിക്കാത്തത് അവളുടെ മുഖത്ത് ഒരുമ്മ കൊടുക്കാൻ, അവളെ ചേർത്തുപിടിക്കാൻ, അവളുടെ കുഞ്ഞിക്കൈ ഒന്നു തലോടാൻ. അതും എത്രയോ നാളുകൾ കൂടി.... പക്ഷേ അവളുടെ ഭർത്താവിന് സമ്മതമല്ലായിരുന്നു. കാരണം മകൾ പേടിച്ചുപോകും ഇങ്ങനെ കണ്ടാൽ എന്ന്.... മകളുടെ മനസ്സിൽ നല്ല രീതിയിൽ കണ്ട അമ്മയുടെ മുഖം മതിയത്രേ... എനിക്കറിയില്ല ഏതാണ് ശരിയെന്നും തെറ്റെന്നും. പക്ഷെ ആ അമ്മ മകളെ കാണാതെ മരിച്ചപ്പോൾ എന്ത് മാത്രം മനസ്സ് വേദനിച്ചിരിക്കും...

# ലോക ആത്മഹത്യാ പ്രതിരോധ ദിനം








World suicide prevention day

**SEP-10-2023**










എല്ലാ വർഷവും സെപ്തംബർ 10ന് ലോക ആത്മഹത്യാ പ്രതിരോധ ദിനമായി ആചരിക്കുന്നു. ആത്മഹത്യയിലൂടെ ആളുകൾ മരിക്കുന്നത് തടയുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെയും നടപടികളെയുംകുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായാണ് ഈ ദിനം ആചരിക്കുന്നത്. 2023 ൽ ഇന്റർനാഷണൽ അസോസിയേഷൻ ഫോർ സൂയിസൈഡ് പ്രിവെൻഷൻ (IASP) ലോകാരോഗ്യ സംഘടനയുമായും (WHO) വേൾഡ് ഫെഡറേഷൻ ഓഫ് മെന്റൽ ഹെൽത്തുമായും (WFMH) സഹകരിച്ച് ആദ്യത്തെ ലോക ആത്മഹത്യാ പ്രതിരോധ ദിനത്തിന് ആതിഥേയത്വം വഹിച്ചു. 'പ്രവർത്തനത്തിലൂടെ പ്രതീക്ഷ സൃഷ്ടിക്കുക' എന്നതാണ് ഈ വർഷത്തെ പ്രമേയം. ജീവിതം അവസാനിപ്പിക്കാൻ തോന്നുന്നവരെ ഒറ്റയ്ക്കല്ല എന്ന തോന്നലുണർത്തി കരുത്തോടെ വഴി നടത്താനുള്ള ഒരുക്കമേകുകയാണ് വേണ്ടത് എന്നതാണ് ഈ വർഷത്തെ ലോക ആത്മഹത്യാ പ്രതിരോധ ദിനത്തിൽ ലോകാരോഗ്യ സംഘടന മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശം.

ലോക ആത്മഹത്യാ പ്രതിരോധ ദിനത്തിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസസ് ആന്റ് റിസർച്ച് കോളേജിൽ 13/09/23 ന് ഒരു ബോധവൽക്കരണ പരിപാടി നടത്തി. എല്ലാ അദ്ധ്യാപകരും നോൺ ടീച്ചിംഗ് സ്റ്റാഫും മൂന്ന് ബാച്ച് വിദ്യാർത്ഥികളും ചടങ്ങിൽ പങ്കെടുത്തു. ഉച്ച കഴിഞ്ഞ് 3 മണിക്ക് പ്രാർത്ഥനാ ഗാനത്തോടെ പരിപാടികൾ ആരംഭിച്ചു. ശ്രീത (ലക്ചറർ) സ്വാഗത പ്രസംഗം നടത്തി. പ്രിൻസിപ്പൽ ഡോ. രോഹിണി. ടി 'INSeR ഹോപ്പ് ഓഫ് ട്രീ'യുടെ തിരശ്ശീല ഉയർത്തിക്കൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. 'പ്രവർത്തനത്തിലൂടെ പ്രതീക്ഷ സൃഷ്ടിക്കുക' എന്ന വിഷയവുമായി ബന്ധപ്പെട്ട് അസോസിയേറ്റ് പ്രൊഫസർ ഡോ. ബിനുജ സംസാരിച്ചു. ഈ ചടങ്ങിലെ മുഖ്യ അതിഥി ജിഷ (ക്ലിനിക്കൽ സൈക്കോളജിസ്റ്റ് - എം.സി.സി) ആത്മഹത്യ തടയുന്നതിൽ പിയർ ഗ്രൂപ്പിന്റെ പങ്ക് എന്ന വിഷയത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സ് എടുത്തു. ടിറ്റു സെബാസ്റ്റ്യൻ (അസിസ്റ്റന്റ് ലക്ചറർ) നന്ദി രേഖപ്പെടുത്തി. 4.00 മണിയോടെ പരിപാടി അവസാനിച്ചു.

## ജൂലൈ 2023 -പന്ന്യന്നൂർ പഞ്ചായത്ത് പ്രവർത്തനങ്ങൾ



പന്ന്യന്നൂരിനെ ദത്തെടുക്കൽ; പ്രവർത്തന കലണ്ടർ തയ്യാറായി

പന്ന്യന്നൂർ പഞ്ചായത്ത് എം.സി.സി ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്തതിന്റെ ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനായി ജൂലൈ-7 ന് പന്ന്യന്നൂർ പഞ്ചായത്തിൽ യോഗം ചേർന്നു. ജൂലൈ 13 ന് പന്ന്യന്നൂർ പഞ്ചായത്ത് അംഗങ്ങൾ പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ എം.സി.സി സന്ദർശിക്കുകയും ഡയറക്ടർ വകുപ്പ് മേധാവികൾ എന്നിവരുമായി ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് അംഗങ്ങൾ എം.സി.സിയിലെ വിവിധ വകുപ്പുകൾ സന്ദർശിച്ച് സൗകര്യങ്ങളും മറ്റും കണ്ട് മനസ്സിലാക്കി. ആകെ 25 ആളുകൾ എം.സി.സി സന്ദർശിച്ചു. എം.സി.സി മൈക്രോബയോളജി ഡിപ്പാർട്ട്മെന്റിലെ ഡോ.ശരത്, സിസ്റ്റർ സജിത എന്നിവർ ജൂലൈ 26 ന് പന്ന്യന്നൂരിലെ ചോതാവൂർ സ്കൂൾ സന്ദർശിച്ച് 'അടിസ്ഥാന ശുചിത്വം', 'കൈകളുടെ ശുചിത്വം' എന്നീ വിഷയങ്ങളിൽ ക്ലാസ്സ് എടുത്തു. 116 കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു.



## ഏഴോം പഞ്ചായത്ത് സന്ദർശനം

ആദിവാസി -ദളിത് മുന്നേറ്റ സമിതി സംസ്ഥാന പ്രസിഡണ്ട് ശ്രീ. ശ്രീരാമൻ കൊയ്യോൻ എം.സി.സിയിൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ എം.സി.സിയിൽ നിന്ന് നാലംഗ സംഘം പ്രദേശം സന്ദർശിക്കുകയും കാര്യങ്ങൾ നേരിൽ കണ്ട് സംസാരിക്കുകയും ചെയ്തു. പ്രദേശ വാസികളുടെ പ്രധാന ആശങ്ക വർദ്ധിച്ച് വരുന്ന അർബുദ രോഗികൾ ആണ്. പ്രസ്തുത വിഷയത്തിൽ കൂടുതൽ അന്വേഷണങ്ങളും പഠനങ്ങളും എം.സി.സി നടത്തണമെന്ന് അവർ ആവശ്യപ്പെട്ടു. പ്രദേശത്തെ ക്വാറി, പ്ലാസ്റ്റിക് മാലിന്യങ്ങൾ, മലിനമായ കായൽ ജലം, കിണർ വെള്ളം എന്നിവയിൽ അവർ ആശങ്ക പ്രകടിപ്പിച്ചു. വിഷയങ്ങൾ ഡയറക്ടറുടെ ശ്രദ്ധയിൽ പെടുത്തി ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കാമെന്ന് പ്രദേശവാസികളെ അറിയിച്ചു.

## അർബുദ ബോധവൽക്കരണ ക്ലാസ്സ് തൃപ്പങ്ങോട്ടൂർ

തൃപ്പങ്ങോട്ടൂർ പഞ്ചായത്തിൽ 'കണ്ണൂർ ഫൈറ്റ്സ് കാൻസർ' പദ്ധതിയുടെ ഭാഗമായി ജൂലൈ 11, 14, 21, 24, 27, 31 -തീയ്യതികളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അർബുദ ബോധവൽക്കരണ ക്ലാസ്സ് നടത്തി.

## AIDOSCAN പ്രൊജക്റ്റ്

AIDOSCAN പ്രൊജക്ടിന്റെ ഭാഗമായി ജൂലൈ 3,6 തീയ്യതികളിൽ ക്യാമ്പ് നടത്തി.

## ECDC ക്ലിനിക്ക് ഒരുക്കൽ

കതിരൂർ PHC യിൽ ECDC ക്ലിനിക്ക് ഒരുക്കാൻ ആവശ്യമായ സാങ്കേതിക സഹായം ജൂലൈ 26 ന് നൽകി.

## ആഗസ്ത് - 2023
## പന്ന്യന്നൂർ പഞ്ചായത്ത് പ്രവർത്തനങ്ങൾ

എം.സി.സി ആരോഗ്യ സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിൽ ആരോഗ്യ സർവ്വേ നടത്താനുള്ള പരിശീലന പരിപാടി ആഗസ്റ്റ് 8 ന് പഞ്ചായത്തിലെ രണ്ട് കേന്ദ്രങ്ങളിലായി നടത്തി. 150 വളണ്ടിയർമാർ പരിശീലനത്തിൽ പങ്കെടുത്തു. 17.ാം തീയ്യതി സർവ്വേ പ്രവർത്തനങ്ങളുടെ മുന്നൊരുക്കം ചർച്ച ചെയ്യാനായി പഞ്ചായത്ത് തല യോഗം ചേർന്നു. ആഗസ്റ്റ് 20 ന് പഞ്ചായത്ത് തല വീട് വീടാന്തര സർവ്വേ നടന്നു. എം.സി.സി യിലെ BSc MRT, BSc Nursing വിദ്യാർത്ഥികൾ സർവ്വേ പ്രവർത്ത

നങ്ങളിൽ സജീവമായി പങ്കെടുത്തു. ആറായിരം വീടുകൾ സർവ്വേ ചെയ്തു. 24 ന് പദ്ധതി അവലോകന യോഗം ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത മാസത്തെ പ്രവർത്തനങ്ങൾ തീരുമാനിക്കുകയും ചെയ്തു.

## എം.സി.സി, കെ.സി.സി.സി വെബിനാർ

എം.സി.സി, കെ.സി.സി.സിയുമായി ചേർന്ന് നടത്തിവരുന്ന പൊതുജന ബോധവൽക്കരണ വെബിനാറുകളുടെ തുടർച്ചയായി ആഗസ്റ്റ് മാസം 12 ന് മൂത്രാശയ അർബുദ ബോധവൽക്കരണ വെബിനാർ നടത്തി. സർജിക്കൽ ഓങ്കോളജി ഡിപ്പാർട്ട്മെന്റിലെ ഡോ.പ്രശാന്ത് ക്ലാസ്സുകൾ കൈകാര്യം ചെയ്തു. വിവിധ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളും പൊതുജനങ്ങളും വെബിനാറിൽ പങ്കെടുത്തു.

## സപ്തംബർ 2023
## പന്ന്യന്നൂർ പഞ്ചായത്ത് പ്രവർത്തനങ്ങൾ

സപ്തംബർ മാസം പഞ്ചായത്തിൽ ദത്തെടുക്കൽ പ്രൊജക്ടിന്റെ ഭാഗമായി വിവിധ പരിപാടികൾ സംഘടിപ്പിച്ചു. സപ്തംബർ 5 ന് ആദ്യത്തെ ക്ലാസ്സ് കൈകാര്യം ചെയ്യാനുള്ള വളണ്ടിയർമാരുടെ പരിശീലന പരിപാടി ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടത്തി. എഴുപതോളം വളണ്ടിയർമാർ പങ്കെടുത്തു. പഞ്ചായത്തിൽ ആഗസ്റ്റ് മാസത്തിൽ നടത്തിയ അർബുദ ബോധവൽക്കരണ സർവ്വേയുടെ ഫോറം, അവലോകനത്തിനായി സപ്തംബർ 14ന് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. അശോകൻ എം.സി.സിയിൽ വച്ച് നടന്ന ചടങ്ങിൽ ഡയറക്ടർക്ക് കൈമാറി. എം.സി.സി യിൽ പുതുതായി വരുന്ന രോഗികൾക്ക് കൈസഹായം നൽകി വരുന്ന ഹെൽപ് ഡസ്കിലെ പേഷ്യന്റ് നാവിഗേറ്ററായി പ്രവർത്തിക്കാൻ സന്നദ്ധരായ പന്ന്യന്നൂർ വളണ്ടിയർമാർക്കുള്ള പരിശീലനം 19ന് നടന്നു. 35 വളണ്ടിയർമാർ അന്ന് പരിശീലനം നേടി. 28ന് പഞ്ചായത്തിൽ വച്ച് നടന്ന അവലോകന യോഗത്തിൽ ഒക്ടോബറിൽ നടത്താനുള്ള പരിപാടികൾ ചർച്ചചെയ്തു.

## ജലശേഖരണവും പരിശോധനയും

പന്ന്യന്നൂർ, ഏഴോം എന്നീ പഞ്ചായത്തിലെ ഈ രണ്ട് സ്രോതസ്സുകളിൽ നിന്ന് സപ്തംബർ 1,2 തീയ്യതികളിൽ ജലം ശേഖരിക്കുകയും മൂലകങ്ങളുടെ സാന്നിധ്യത്തിനായുള്ള പരിശോധനയ്ക്ക് അയക്കുകയും ചെയ്തു. സപ്തംബർ 7ന് തളിപ്പറമ്പ് സർ സയ്യദ് കോളേജിലെ വിദ്യാർത്ഥികൾക്കായി മൂന്ന് ദിവസത്തെ അർബുദ ബോധവൽക്കരണ പ്രദർശനം സംഘടിപ്പിച്ചു. ഗർഭാശയ ഗള അർബുദം തടയുവാനുള്ള എച്ച്.പി.വി വാക്സിനെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടി എം.സി.സി യിലെ BSc MRT, INSER- ലെ BSc Nursing നഴ്സിംഗ് വിദ്യാർത്ഥികൾ എന്നിവർക്കായി സെമിനാർ ഹാളിൽ വച്ച് 9-ാം തീയ്യതി നടത്തി. പൂനെയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ നടത്തിയ പരിപാടിയിൽ എം.സി.സിയിലെ ഡോ. ആദർശ് ധർമ്മരാജൻ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. 15- ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ അർബുദ നിയന്ത്രണ പരിപാടിയുടെ അവലോകന യോഗത്തിൽ സപ്തംബർ 8, 21 എന്നീ തീയ്യതികളിൽ പങ്കെടുത്തു. അതാതു ജില്ലയിലെ കലക്ടറുടെ കാര്യാലയങ്ങളിൽ നടന്ന യോഗത്തിൽ ഭാവി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയുണ്ടായി.

മട്ടന്നൂരിലെ പഴശ്ശിരാജാ കോളേജിലെ NSS യൂണിറ്റുമായി ചേർന്ന് സ്തനാർബുദ ബോധവൽക്കരണ പരിപാടിയും ബ്രസ്റ്റ് കാൻസർ ബ്രിഗേഡിന്റെ ഉദ്ഘാടനവും സപ്തംബർ 21ന് നടന്നു. ഒക്ടോബറിലെ പിങ്ക് റിബൺ ആചരണത്തിന്റെ ഭാഗമായി പരിശീലനം ലഭിച്ച ബ്രിഗേഡ് അംഗങ്ങൾ വീടുകൾ കേന്ദ്രീകരിച്ച് പരിശീലനം നൽകും.











# ബോധനം



































ആരോഗ്യ സാക്ഷരത പദ്ധതി–2023



# മലബാർ കാൻസർ സെന്റർ

## തലശ്ശേരി, കണ്ണൂർ ജില്ല, കേരളം

ഫോൺ: 0490 2355881 ഫാക്സ്: 0490 2355880 ഇ-മെയിൽ: mcctly@gmail.com വെബ്: www.mcc.kerala.gov.in



**Chief Editor:** Dr. B.Satheesan, Director, MCC I **Editorial Team:** Dr. Saina Sunilkumar, Dr. Bindu T, Dr. Harish Babu, Sobhith V K, Dr. Phinse M Philip, Sreejisha, Sindhu N R
**Design & Layout:** Co-op. Press, Kannur-2 I **Printed and Published by** Malabar Cancer Centre, Moozhikkara P.O, Thalassery, Kannur District, Kerala, India-670103.
Phone: 0490 2355 881 I Fax: 0490 2355880 I Web: www.mcc.kerala.gov.in I For private circulation only. **Printed at** Co-operative Press, Kannur-2 Ph: 0497-2707208, 2704648 presskannur@gmail.com